M 7827

Reg. No.: ...............................

Name : ...............................

GOVT. BRENNEN COLLEGE
CEN. LIBRARY
THALASSERY

**I Semester B.A. Degree (CCSS – Regular) Examination, November 2014**
**CORE COURSE IN MALAYALAM**
**1 B 01 MAL : പ്രാചീനമദ്ധ്യകാല കവിത**
**(2014 Admn.)**

Time : 3 Hours                                                                 Max. Marks : 40

I. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) 'പാട്ടി'ന്റെ ലക്ഷണം എഴുതുക.

2) ''കാച്ചിക്കുറുക്കിയ വാല്മീകീരാമായണം'' എന്ന് കണ്ണശ്ശരാമായണത്തെ വിളിച്ചതാര് ?

3) നളചരിതത്തിന് 'കാന്താരതാരകം' എന്ന വ്യാഖ്യാനം രചിച്ചതാര് ?

4) ഗാഥാവൃത്തം എന്നറിയപ്പെടുന്ന വൃത്തം ഏത് ?

5) ''താരിൽത്തന്വീ'' എന്നു തുടങ്ങുന്ന മുക്തകത്തിന്റെ കർത്താവാര് ?

6) ''പൂർണ്ണശോഭം നവവസ്ത്രം ധരിച്ചീടും
ജീർണ്ണദേഹം കളഞ്ഞമ്പോടു ദേഹികൾ
പൂർണ്ണശോഭം നവദേഹങ്ങൾ കൊള്ളുന്നു'' – ആര് ആരോട് പറയുന്നു ?

7) ''തർണ്ണകതസ്കരംകൊണ്ടു നാന്മുഖനെക്കരയിച്ചു'' – തർണ്ണകതസ്കരം എന്നാലെന്ത് ?

8) ''രാമചരിതം ഒരു വിമർശനാത്മക പഠനം'' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?

**(6×1=6 മാർക്ക്)**

II. **നൂറ്** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

9) 'അരചനാകി മതുച്ചൂതനനിരാവണനെ വെ –
ന്റമയെനക്കു പുകഴ്‌വാൻ വഴി വരം തന്നരുളേ' – വിശദമാക്കുക.

10) ''മനസി ചുടുന്നിതെനിക്കുടനുടനതു
വരല്ലു ന്തവ പരിതാപം കണ്ടാ –
ലനുചിതശോകമകന്നെഴുനിന്നിനി –
യന്വേഷിച്ചരുൾ വൈദേഹിയെയും'' – സന്ദർഭമെന്ത് ?

11) ''വാർകോലും കൊങ്കകൾ രണ്ടിലും ചെഞ്ചെമ്മെ
കാകോളം തേച്ചു ചമച്ചുനേരെ'' – വിവക്ഷിതമെന്ത് ?

P.T.O.

12) 'വംശവും കൂടെ മുടിഞ്ഞുപോമില്ലൊരു –
സംശയം മൂന്നുപന്തീരാണ്ടു ചെല്ലുമ്പോൾ' – സന്ദർഭമെന്ത് ?

13) 'പൊട്ടക്കുളത്തിൽ കളിച്ചീടുമട്ടകൾ ;
ദുഷ്ടജനത്തിന്റെ ശീലമവ്വണ്ണമെ –
ന്നൊട്ടു പലരും പറഞ്ഞുകേൾപ്പില്ലയോ ?' – വിവക്ഷിതമെന്ത് ?

14) 'ഇന്നിക്കഥ ചൊല്ലുന്നോർക്കും ഭക്തിയോടെ കേൾക്കുന്നോർക്കും
മന്ദമെന്യേ ധനധാന്യസമ്പത്തിയുണ്ടാം' – ആശയം വിശദമാക്കുക. **(4×2=8 മാർക്ക്)**

III. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

15) നിരണം കൃതികളുടെ ഭാഷാപരമായ പ്രത്യേകതകൾ വിശദമാക്കുക.

16) വടക്കൻപാട്ടുകളുടെ സവിശേഷതകൾ 'ഒതേനനും ഓണപ്പുടവയും' അടിസ്ഥാനമാക്കി വിശദീകരിക്കുക.

17) കുചേലവൃത്തം വഞ്ചിപ്പാട്ടിനെ ആകർഷകമാക്കുന്ന ഘടകങ്ങൾ ഏവ ?

18) ''മാരുതി കീറിപ്പിളർന്നു കുടിച്ചൊരു
മാറിടം കണ്ടാൽ പൊറുക്കുമോ പൈതലേ'' – സന്ദർഭമെന്ത് ?

19) 'പാഥസാം നിചയം വാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ ?'' – വിവക്ഷിതമെന്ത് ?

20) 'ആടിന്നറിയുമോ അങ്ങാടിവാണിഭം ?
കൂട്ടാക്കയില്ല ഞാൻ ദുഷ്കവിഭോഷരേ !'' – വിവക്ഷിതമെന്ത് ? **(4×3=12 മാർക്ക്)**

IV. **മുന്നൂറ്** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

21) മുക്തകങ്ങൾ എന്നാലെന്ത് ? മുക്തകങ്ങളുടെ സവിശേഷതകൾ പാഠ്യഭാഗത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

22) നാടകഘടനയെ അനുവർത്തിക്കുന്ന ആട്ടക്കഥ എന്ന നിലയിൽ 'നളചരിതത്തിന്റെ മൂല്യം' – വിലയിരുത്തുക.

23) ''പണ്ഡിതനും പാമരനും കൃഷ്ണഗാഥ ആസ്വാദ്യമാണ്. ആ രസികത്തത്തിന്റെ മാധുര്യം അതിനു മാത്രമേയുള്ളൂ'' – ഉപന്യസിക്കുക.

24) കരുണരസത്തിന്റെ ആവിഷ്ക്കാരത്തിൽ എഴുത്തച്ഛൻ പുലർത്തുന്ന നൈപുണ്യം മഹാഭാരതം സ്ത്രീപർവത്തെ മുൻനിർത്തി ഉപന്യസിക്കുക. **(2×7=14 മാർക്ക്)**

---